## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1784 14.08.2017-ൽ മറുപടിക്ക്**

### തലസ്ഥാനത്തെ രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. പിണറായി വിജയൻ ( മുഖ്യമന്ത്രി) |
| (എ) തലസ്ഥാനത്ത് രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും സമാധാനജീവിതം താറുമാറാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സമാധാനജീവിതം താറുമാറാക്കുന്ന ഒരു സാഹചര്യവും ഉണ്ടായിട്ടില്ല. |
| (ബി) വീടുകൾക്കും പാർട്ടി ഓഫീസുകൾക്കും നേരെയുണ്ടായ ആക്രമണത്തിന് പുറമെ ഒരാൾ വെട്ടേറ്റു മരിക്കാനും ഇടയായ സാഹചര്യം ഇന്റലിജൻസ് റിപ്പോർട്ട് പോലീസ് അവഗണിച്ചതുമൂലമാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (ബി) അത്തരത്തിൽ ഒരു റിപ്പോർട്ടില്ല. |
| (സി) ഇതു സംബന്ധമായി ഇന്റലിജൻസ് മേധാവിയും ഡി.ജി.പിയും നടത്തിയ പരസ്പരവിരുദ്ധമായ പ്രസ്താവനകൾ പരിശോധിക്കുകയുണ്ടായോ; | (സി) പരസ്പരവിരുദ്ധമായ പ്രസ്താവനകൾ നടത്തിയതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) അക്രമവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവർണ്ണർ മുഖ്യമന്ത്രിയെയും ഡി.ജി.പി.യേയും രാജ്ഭവനിൽ വിളിച്ചുവരുത്തുകയുണ്ടായോ; | (ഡി) സംസ്ഥാനത്ത് നടന്ന രാഷ്ട്രീയ സ്ഥിതി ഗതികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഗവർണ്ണറെ ബോധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ സമാധാനം പുനഃസ്ഥാപിക്കാൻ സർക്കാർ എന്തൊക്ക നടപടികൾ കൈക്കൊള്ളും; മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ സമാധാന യോഗം വിളിച്ചു ചേർക്കുമോ; എങ്കിൽ വിശദാംശങ്ങൾ നല്കുമോ? | (ഇ) | സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന രാഷ്ട്രീയ അക്രമങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന്റെ ഭാഗമായി പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും രാഷ്ട്രീയപാർട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് സമാധാന ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ ക്രമസമാധാനം ഉറപ്പുവരുത്തുവാൻ കർശനമായ നിർദ്ദേശം പോലീസ് അധികാരികൾക്ക് നല്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**